# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി2/2443/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി2/2443/2022 തീയ്യതി: 10/02/2023

## കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-09-2021 മുതൽ 07-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രത്നസിംഗ് കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 19-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-12-2022 | 19-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീമതി ഷൈന എ.കെ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ അനൂപ്. കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നസ്റി പി പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ മനോജ്കുമാർ കെ | സെക്രട്ടറി | 01-04-2021 | 26-07-2021 |
| | | 24-08-2021 | 31-03-2022 |
| ശ്രീ മുജീബ് പി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-07-2021 | 23-08-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മുജീബ് പി സി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ. ഹൈഫ മൊയ്തീൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി. ശാലിനി വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 08-06-2021 |
| ശ്രീമതി. ശാരി. എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-06-2021 | 17-11-2021 |
| ശ്രീമതി. ജ്യോതിലക്ഷ്മി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 18-11-2021 | 31-03-2022 |
| ശ്രീമതി. റുമൈസ.പി എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ശ്രീ സിസിൻ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| ശ്രീമതി. ജീന.കെ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ഡോ.വിക്രാന്ത് വി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശുഭ സി വി | കൃഷി ഓഫീസർ | 01-04-2021 | 19-05-2021 |
| ശ്രീ സാജിത് അഹമ്മദ്. എ കെ | കൃഷി ഓഫീസർ | 20-05-2021 | 31-03-2022 |
| ഡോ. ബിനോയ് | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. സുസ്മിത സി | വി.ഇ.ഒ | 01-04-2021 | 21-10-2021 |

| | | | |
|---|---|---|---|
| ശ്രീമതി. പ്രജിഷ കെ ടി | വി.ഇ.ഒ | 01-04-2021 | 21-10-2021 |
| ശ്രീ അരുൺ | വി.ഇ.ഒ | 22-10-2021 | 03-12-2021 |
| ശ്രീ സന്ദീപ്. വി | വി.ഇ.ഒ | 04-12-2021 | 31-03-2022 |
| ശ്രീ അബ്ദുൾ ശുക്കൂർ എം | ഹെഡ്മാസ്റ്റർ | 01-04-2021 | 30-05-2021 |
| ശ്രീ അനിൽ കുമാർ | ഹെഡ്മാസ്റ്റർ | 27-10-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | വാർഷികധനകാര്യപത്രിക | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നില്ല | 1-11 |
| 12 | ഭരണസമിതി യോഗ മിനുട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-12 |
| 13 | വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല | 1-13 |
| 14 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല. | 1-14 |
| 15 | മെഷീൻ റണ്ണിംഗ് ഫീ ഈടാക്കിയതിൽ കുറവ് | 1-15 |
| 16 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-16 |
| 17 | റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം | 1-17 |
| 18 | കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിച്ച വകയിൽ റെയ്ഡ്കോയ്ക്ക് അധിക തുക നൽകി | 1-18 |
| 19 | പന്നൂർ സാംസ്കാരിക നിലയം കുഴൽക്കിണർ പ്രവൃത്തി ആരംഭിച്ചില്ല. | 1-19 |
| 20 | പി.എച്ച്.സി യിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - റബ്കോയ്ക്ക് കടത്തുകൂലിയിനത്തിൽ തുക നൽകി | 1-20 |
| 21 | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-21 |
| 22 | അഗതി രഹിത കേരളം പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല | 1-22 |
| 23 | ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച | 1-23 |
| 24 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല | 1-24 |
| 25 | തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-25 |

| | | |
|---|---|---|
| 26 | റവന്യൂ ചെലവുകൾ നടത്തിയത് -പോരായ്മകൾ | 1-26 |
| 27 | ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റി - പ്രവൃത്തി ആരംഭിയ്ക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-27 |
| 28 | പി.എം.എ.വൈ വിഹിതം ഗുണഭോക്താവിന് തുക ലഭ്യമായില്ല - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-28 |
| 29 | കൃഷി ഭവൻ അറ്റകുറ്റ പണി - പൊളിച്ചുമാറ്റിയ വസ്തുക്കൾ ലേലം ചെയ്ത് വിൽക്കാതെ തുരുമ്പെടുത്ത് നശിക്കുന്നതിനാൽ നഷ്ടം | 1-29 |
| 30 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല | 1-30 |
| 31 | പി.എച്ച്.സി റീ വയറിംഗ് പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം - പെയിന്റിംഗും ഫർണിഷിംഗും പൂർത്തിയാക്കിയ ശേഷം റീവയറിങ്ങിനായി ചുവരുകൾ പൊളിക്കുന്നു | 1-31 |
| 32 | പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല | 1-32 |
| 33 | കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുന്നു. | 1-33 |
| 34 | ഖരമാലിന്യ സംസ്കരണ പദ്ധതികൾ - ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളിലെ അപാകതകൾ | 1-34 |
| 35 | എം.ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-35 |
| 36 | മുൻകൂർ തുകകൾ തിരികെ ലഭിച്ചിട്ടില്ല | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

സ്ഥാപനത്തിന്റെ ബജറ്റ് 20.2.21 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം താഴെ പറയും വിധം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 7803767 |
| വരവ് | 214930384 |
| ആകെ | 222734151 |
| ചെലവ് | 213364550 |
| നീക്കിയിരിപ്പ് | 9369601 |

ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയും പ്രകാരം അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും വരവ് ചെലവ് വിശദാംശങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

എ) തനത് ഫണ്ട് പ്രൊവിഷൻ വാർഷിക പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റിൽ വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 2473666/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ അന്തിമപദ്ധതി രേഖ പരിശോധിച്ചതിൽ 2081516/- രൂപയാണ് വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയതെന്ന് കാണുന്നു. അതായത് ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കുറഞ്ഞ തുകയാണ് (392150/- രൂപ) വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയെന്ന് കാണാം. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോഴും അപാകത ആവർത്തിച്ചിട്ടുണ്ട്. വർഷാവസാനമാകുമ്പോഴേക്കും വാർഷിക പദ്ധതിക്കുള്ള തനത്ഫണ്ട് വകയിരുത്തൽ 6152061/- രൂപയായെങ്കിലും പുതുക്കിയ ബജറ്റ് പ്രൊവിഷൻ 7782205/- രൂപയായി ഉയർന്നിട്ടുണ്ട്. ഇതിൽ നിന്നും 2292679/-രൂപ മാത്രമാണ് ചെലവ് വന്നത്.

ബി) വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതിക്കായി ബജറ്റിൽ, BS9, BS12 ഷെഡ്യൂളുകൾ പ്രകാരം ആകെ 111356050/- രൂപയാണ് വകയിരുത്തിയത്. വാർഷിക പദ്ധതിയ്ക്കും NREGS പദ്ധതിയ്ക്കും കൂടിയുള്ള തുകയാണിത്. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ 44913605/-രൂപയും NREGS പദ്ധതി ആക്ഷൻ പ്ലാൻ അടങ്കൽ 57133800/- രൂപയുമാണ്. അതായത് ഈ രണ്ട് പദ്ധതികൾക്കുമായി ആകെ 102047405/-രൂപയുടെ അടങ്കലിനാണ് ഭരണസമിതി അംഗീകാരം നല്കിയതെന്ന് കാണാം. മേല്പറഞ്ഞതിൽ നിന്നും 9308645/- രൂപയുടെ (111356050-102047405) ബജറ്റ് പ്രൊവിഷൻ എന്തിനാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ലെന്ന് കാണാം. ഇത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

സി)വരവ് ചെലവ് വ്യതിയാനങ്ങൾക്കനുസൃതമായി ബജറ്റ് പുതുക്കുന്നില്ല

വരുമാനത്തിലും ചെലവിലും ബജറ്റ് എസ്റ്റിമേറ്റിന് അതീതമായി കാലാകാലങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ബജറ്റ് പുതുക്കാനോ , സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കാനോ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതുമൂലം ബജറ്റ് അംഗീകാരമില്ലാതെ, പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുന്ന സാഹചര്യം സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. ബജറ്റ് പുതുക്കി മാത്രമേ ബജറ്റ് പ്രൊവിഷനതീതമായുള്ള വരവ് ചെലവുകൾ വഹിക്കാവൂ എന്നിരിക്കെ വർഷാവസാനം ബജറ്റ് പുതുക്കുന്നതിലൂടെ മാത്രമേ ഈ വ്യതിയാനങ്ങൾ ക്രമവൽക്കരിക്കുന്നുള്ളൂ. ഓഡിറ്റ് വർഷത്തെ വിശദാംശങ്ങൾ പരിഗണിക്കുമ്പോൾ ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി അടങ്കലും(NREGS

ഉൾപ്പെടെ) തമ്മിൽ ബജറ്റ് തയ്യാറാക്കിയപ്പോൾ പോലും പൊരുത്തമില്ലെന്ന് ക്രമ നം (ബി) പ്രകാരമുള്ള പരാമർശത്തിൽ നിന്നും വ്യക്തമാണ്. ഇത് കൂടാതെ വിവിധ തീയതികളിലായി നിരന്തരം വാർഷിക പദ്ധതിക്ക് സ്ഥാപനം ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് പുതുക്കിയിരിക്കുന്നത് വർഷാവസാനം മാത്രമാണെന്ന് കാണാം.

ബജറ്റ് നടപടിക്രമങ്ങളിൽ അപാകതകൾ സംഭവിക്കുന്നതായി മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർച്ചയായി പരാമർശിച്ചിട്ടും അർഹിക്കുന്ന ഗൗരവത്തോടെയല്ല സ്ഥാപനം ബജറ്റിനെ കാണുന്നതെന്ന് വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. പദ്ധതി ഭേദഗതിക്കനുസരിച്ച് ഭാവിയിൽ ബജറ്റ് പുതുക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെടെ പരാമർശിക്കപ്പെട്ട അപാകതകൾ തുടർ വർഷങ്ങളിൽ ഒഴിവാക്കി ബജറ്റ് തയ്യാറാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12603325 |
| വരവ് | 83569937 |
| ആകെ | 96173262 |
| ചെലവ് | 77042306 |
| നീക്കിയിരിപ്പ് | 19130956 |

## 1-3 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.07.2022 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15765357 | 15765357 | 15251978 | 513379 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4874235 | 4874235 | 4414690 | 459545 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 9108000 | 9108000 | 8423490 | 684510 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6290779 | 6290779 | 2858708 | 3432071 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | 0 | 946849 | 946849 | 789723 | 157126 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്( ബാങ്ക് മുഖേന) | 0 | 3192000 | 3192000 | 2780282 | 411718 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 4194435 | 4194435 | 2344315 | 1850120 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ബാങ്ക് മുഖേന) | 0 | 4788000 | 4788000 | 2109355 | 2678645 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 551219 | 1764251 | 2315470 | 1877865 | 437605 |
| എസ്ബിഎം, പിബിഐജി | 1811744 | 0 | 1811744 | 0 | 1811744 |
| എസ് ഡി ആർ എഫ് | O | 200000 | 200000 | 200000 | 0 |
| പൈക്ക | 15250 | 447 | 15697 | 0 | 15697 |
| എസ് ജി ആർ വൈ | 1898 | 52 | 1950 | 0 | 1950 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വമിഷൻ വിഹിതം | 41500 | 180000 | 221500 | 29500 | 192000 |
| വിമുക്തി പദ്ധതി | 32572 | 0 | 32572 | 0 | 32572 |

1-4-1. ഗ്രാന്റ് വിനിയോഗ പത്രിക

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചപ്പോൾ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് കണ്ടു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | ശതമാനം |
|---|---|---|---|---|---|---|
| 147 | 80245386 | 104 | 48919595 | 23 | 20 | 71% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9377 | 830414 | 839791 | 809747 | 30044 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28595656 | 28595656 | 28595656 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6233200 | 377 |
| വിധവാപെൻഷൻ | 16530800 | 1041 |
| വാർദ്ധക്യകാലപെൻഷൻ | 25414600 | 1701 |
| വികലാംഗപെൻഷൻ | 6708900 | 427 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 569600 | 37 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 820/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു

## 1-9 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. വാർഷിക കണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 124961 രൂപ ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിൽ E-Tender മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ ഉള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വസ്തുനികുതി ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി അടവാക്കുന്ന മുഴുവൻ നികുതികളും യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല. അതുകൊണ്ട് തന്നെ വാർഷികകണക്കിൽ ഈ തുക യഥാസമയം ഉൾപ്പെടുന്നില്ല.

5.വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിൽ 1054115/- രൂപയുടെ നീക്കിയിരിപ്പുണ്ട്. മേൽപറഞ്ഞ തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7. ബാലൻസ്ഷീറ്റ് ബി-11 സ്റ്റേറ്റ്മെന്റിൽ ഫിക്സഡ് അസറ്റിന്റെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്നും, സ്റ്റോക്ക് രജിസ്റ്റർ സംക്ഷിപ്തം എഴുതിത്തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിൽ യഥാർത്ഥത്തിൽ നീക്കിയിരിപ്പില്ലെന്നും ജേണൽ ചെയ്ത് ലയബിലിറ്റി ഹെഡിൽ കുറവ് വരുത്താത്തതിനാലാണ് നീക്കിയിരിപ്പായി തുക വരുന്നതെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതും, ഫിക്സഡ് അസറ്റിന്റെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 1-11 റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നില്ല

മുൻ റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ സമീപകാലത്ത് സ്ഥാപനം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് അദാലത്തിലൂടെ 2018-19 വർഷം വരെയുള്ള റിപ്പോർട്ടുകളിലെ, അവശേഷിക്കുന്ന പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മുൻകാല റിപ്പോർട്ടുകളിൽ പ്രതിപാദിച്ചതും മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കപ്പെട്ടതുമായ കാതലായ പോരായ്മകൾ നാളിതുവരെ പരിഹരിക്കപ്പെട്ടില്ലെന്ന് നിലവിലെ സ്ഥിതിവിശേഷം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇതിൽ പ്രധാനമായത് വരവിനങ്ങളുമായി ബന്ധപ്പെട്ടവയാണ്. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് എന്നീ ഇനങ്ങളിൽ നൂറ് ശതമാനം ഡിമാന്റ് ഇല്ലെന്നും ഇത് പരിഹരിക്കണമെന്നും 2018-19 ലെ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. കൂടാതെ ഇവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിൽ നല്കിയിരുന്നു. എന്നാൽ ഈ പരിഹാരനിർദ്ദേശങ്ങളൊന്നും തന്നെ സ്ഥാപനം നടപ്പിലാക്കിയിട്ടില്ല. സ്ഥാപനത്തിലെ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങളടങ്ങിയ പരാമർശങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അക്കാര്യം റിപ്പോർട്ടു ചെയ്യുന്നതിനു പകരം, മറുപടി ലഭ്യമാക്കുകയെന്ന മിതമായ കാര്യമാണ് നിർവ്വഹിച്ചുപോരുന്നത്. ഓഡിറ്റ് കൊണ്ട് സാധ്യമാകേണ്ട

ഗുണപരമായ മാറ്റങ്ങൾ ഇതുമൂലം സ്ഥാപനത്തിൽ സംഭവിക്കുന്നില്ലെന്ന് കാണാം. വാർഷികകണക്കുകളിലെ അപാകതകൾ മാറ്റമില്ലാതെ ആവർത്തിക്കപ്പെടുന്നതും, ബജറ്റ് രൂപീകരണം പരിപാലനം എന്നിവയിൽ അപാകതകൾ തുടരുന്നതും നാളിതുവരെ ക്രമീകരിക്കപ്പെടാത്ത പോരായ്മകൾക്കുള്ള ഉദാഹരണങ്ങളായി കാണാം. റിപ്പോർട്ടുകളെ അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

കഴിഞ്ഞ രണ്ട് വർഷങ്ങളിലെ (2019-20, 21-22)റിപ്പോർട്ടുകളുടെ അവസ്ഥ പരിശോധിക്കുമ്പോൾ നിയമപ്രകാരമുള്ള നടപടികൾ പൂർണ്ണമായും പാലിക്കുന്നതിൽ സ്ഥാപനം പരാജയപ്പെട്ടതായി കാണാം. ഓഡിറ്റ് റിപ്പോർട്ടുകൾ കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യണമെന്നും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തണമെന്നും കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ടിനുള്ള മറുപടി അംഗീകരിച്ചെന്നല്ലാതെ (ചട്ടം 21(1)(2) എന്നിവ നിഷ്കർഷിക്കും വിധം) പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയോ ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്ന് കാണാം. പരമ പ്രധാനമായി കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 3 എ(3) പ്രകാരം ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്കും ചർച്ചയ്ക്കും സമർപ്പിക്കേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിരദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

ഓഡിറ്റ് റിപ്പോർട്ടുകളുടെ കാര്യത്തിൽ നിയമപരമായ ഉത്തരവാദിത്വം നിറവേറ്റാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ടുകൾ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കുകയും നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 ഭരണസമിതി യോഗ മിനുട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഭരണസമിതി യോഗങ്ങളുടെ മിനുട്സ് നിലവിൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയാണ് തയ്യാറാക്കുന്നതും പരസ്യപ്പെടുത്തുന്നതും. സ്ഥാപനത്തിന്റെ മിനുട്സ് സകർമ്മയിൽ പരിശോധിച്ചതിൽ നാളിതുവരെ നടത്തിയ യോഗങ്ങളിൽ 7 യോഗങ്ങളുടെ മിനുട്സ് പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | യോഗ നമ്പർ | യോഗ തീയതി | യോഗ സ്വഭാവം | മിനിട്സിന്റെ അവസ്ഥ |
|---|---|---|---|---|
| 1 | 29 | 15.11.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 2 | 30 | 26.11.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 3 | 31 | 1.12.22 | അടിയന്തിര യോഗം/ പ്രത്യേക യോഗം | പൂർത്തീകരിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 4 | 32 | 13.12.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 5 | 33 | 17.12.22 | അടിയന്തിര യോഗം/ പ്രത്യേക യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 6 | സാധാരണ യോഗം | | | ആരംഭിച്ചിട്ടില്ല |
| 7 | വിശദാംശം ലഭ്യമല്ല | | | ആരംഭിച്ചിട്ടില്ല |

ഭരണസമിതി യോഗങ്ങളുടെ മിനിട്സ് എപ്രകാരം തയ്യാറാക്കണമെന്നും പ്രസിദ്ധീകരിക്കണമെന്നും 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 ൽ വിശദമാക്കുന്നുണ്ട്. പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാനം രജിസ്റ്ററും യോഗനടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനുട്സ് ബുക്കും ഉണ്ടായിരിക്കണമെന്ന് ചട്ടം 20(3) വ്യവസ്ഥ ചെയ്യുന്നുണ്ട്. കൈയ്യെഴുത്തായി മിനുട്സും തീരുമാനം രജിസ്റ്ററും തയ്യാറാക്കുന്ന രീതി അടിസ്ഥാനപ്പെടുത്തിയാണ് ഈ ചട്ടമെങ്കിലും സോഫ്റ്റ്‌വെയർ അടിസ്ഥാനപ്പെടുത്തി ഇവ തയ്യാറാക്കുമ്പോൾ നടപടിക്രമവും സമയക്രമവും ഈ ചട്ടങ്ങൾ പ്രകാരമാകേണ്ടതുണ്ട്. പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും അവ പാസാക്കുന്ന മുറയ്ക്ക് സെക്രട്ടറി തീരുമാനം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അതിനു താഴെ സെക്രട്ടറിയും യോഗാധ്യക്ഷനും ഒപ്പു വയ്ക്കേണ്ടതാണെന്നും ഇത് യോഗത്തിൽ വായിക്കേണ്ടതാണെന്നും ഇതിന്റെ പകർപ്പ് യോഗം അവസാനിച്ചയുടൻ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണമെന്നും ചട്ടം 20(4) ൽ വിശദമാക്കുന്നുണ്ട്. ഇതിന്റെ പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നല്ലണമെന്ന് ചട്ടം 20(6) അനുശാസിക്കുന്നു.

മിനുട്സിന്റെ കാര്യത്തിൽ, യോഗത്തിൽ ഓരോ വിഷയത്തിലും അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളും പ്രസ്താവനകളും സെക്രട്ടറി നടത്തിയ അഭിപ്രായങ്ങളും ക്രമപ്രശ്നങ്ങളിൽ അദ്ധ്യക്ഷൻ എടുത്ത തീരുമാനങ്ങളും രത്നചുരുക്കത്തിൽ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് ചട്ടം 20(7) ൽ പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ നക്കൽ യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി അദ്ധ്യക്ഷന് നല്കേണ്ടതും (ചട്ടം 20(9) അദ്ധ്യക്ഷൻ 24 മണിക്കൂറിനുള്ളിൽ അംഗീകരിച്ച് സെക്രട്ടറിക്ക് തിരികെ നല്കേണ്ടതുമാണ് (ചട്ടം 20(9). ഇത് തിരിച്ചുകിട്ടിയാൽ ഉടൻ സെക്രട്ടറി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുകയും പകർപ്പ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാണ് (ചട്ടം 20(10)) ചട്ടങ്ങളിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കെ യോഗം കഴിഞ്ഞ് മാസങ്ങളായിട്ടും മിനുട്സും തീരുമാനം രജിസ്റ്ററും പൂർത്തിയാക്കി പ്രസിദ്ധീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. ചട്ടവിരുദ്ധമായി പ്രവർത്തിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് 28.12.22 ന് നല്കിയ മറുപടിയിൽ മിനുട്സുകൾ പൂർത്തീകരിച്ചെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 5.1.23 തീയതിയിലും പരാമർശിച്ച എല്ലാ യോഗങ്ങളുടേയും മിനുട്സ് പൂർത്തീകരിച്ചിട്ടില്ലെന്ന് ഡാഷ് ബോർഡ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുതാപരമല്ലാതെ മറുപടി നല്കിയതിനും മിനുട്സ് പൂർത്തിയാക്കാത്തതിനും വിശദീകരണം നല്കേണ്ടതും മിനുട്സ് ഉടനടി പൂർത്തീകരിച്ച് പരിശോധനയ്ക്ക് നല്കേണ്ടതുമാണ്. കൂടാതെ തുടർ യോഗങ്ങളുടെ കാര്യത്തിൽ സമയക്രമം പാലിക്കാൻ ആവശ്യമായ ക്രമീകരണം നടത്തേണ്ടതുമാണ്.

1-13 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതുമാണ്. ചട്ടം 5 പ്രകാരം 1) പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ ( 31.03.2022 ) എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ഡിമാന്റുകളിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 2574 |
| വേക്കൻസി റിമിഷൻ അനുവദിക്കപ്പെട്ടിട്ടുള്ള വാണിജ്യ/ വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 190 |
| നികുതി എഴുതിത്തള്ളിയ കെട്ടിടങ്ങളുടെ എണ്ണം | 620 |
| 2021-22 ൽ ആകെ അനുവദിക്കപ്പെട്ട 392 ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം | 595 |
| 2021-22 ൽ ലൈസൻസ് എടുക്കാത്ത കെട്ടിടങ്ങളുടെ എണ്ണം | 1169 |

പഞ്ചായത്തിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 2574 കെട്ടിടങ്ങളിൽ, വേക്കൻസി റിമിഷൻ മൂലം 190 കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചിട്ടുണ്ട്, ഇത്

കൂടാതെ 620 കെട്ടിടങ്ങളുടെ നികുതി എഴുതിത്തള്ളിയിട്ടുമുണ്ട്. തൻവർഷം 595 കെട്ടിടങ്ങൾക്കായി 392 പേർ മാത്രമാണ് എഫ് ടി ഇ എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ 1169 (2574-190-620-595= 1169) കെട്ടിടങ്ങൾക്ക് ലൈസൻസ് എടുത്തിട്ടില്ല. ഈ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. ലൈസൻസ് ഇല്ലാതെ ഈ കെട്ടിടങ്ങളിൽ വാണിജ്യ/ വ്യാപാര/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനം ഇതുമൂലം നഷ്ടപ്പെടുന്നു. 2017-18, 2018-19, 2019-20 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ യഥാക്രമം 2-2, 1-17, 1-15 എന്നീ ഖണ്ഡികകളായി ഈ അപാകത ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും നിലവിലും ആയത് പരിഹരിക്കപ്പെടാത്ത അവസ്ഥയാണുള്ളത്. അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ ആകെ വന്ന 342 കെട്ടിട നിർമ്മാണ പെർമിറ്റ് /ക്രമവൽക്കരണ അപേക്ഷകളിൽ 98 അപേക്ഷകൾ ക്രമവൽക്കരണത്തിനായി വന്നവയാണ്. അതായത് ആകെ അപേക്ഷകളുടെ 28% ക്രമവൽക്കരണത്തിനുള്ളവയാണ്. എന്നാൽ പഞ്ചായത്ത് സങ്കേത സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കി സമർപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ ക്രമവൽക്കരണ അപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പ്രസ്തുത രജിസ്റ്ററിൽ ന്യൂ കൺസ്ട്രക്ഷൻ, എക്സ്റ്റൻഷൻ എന്നിങ്ങനെ മാത്രമേ ചേർക്കുന്നുള്ളൂ. സങ്കേത സോഫ്റ്റ്‌വെയറിൽ നിന്നും ക്രമവത്കരണത്തിനായുള്ള രജിസ്റ്ററും പ്രത്യേകം ലഭ്യമല്ല. പഞ്ചായത്തിൽ 2021-22 വർഷം വാർഷിക കണക്ക് പ്രകാരം പെർമിറ്റ് ഫീ വന്നിരിക്കുന്നത് 230569/-രൂപയും ക്രമവൽക്കരണ ഫീ 217318/-രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ വലിയ തോതിൽ അനധികൃത നിർമ്മാണം നടക്കുന്നതായി ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ക്രമവൽക്കരണത്തിനായി ലഭിച്ച ഭൂരിപക്ഷം അപേക്ഷകളും, കെട്ടിട നിർമ്മാണത്തിനായി മുൻകൂർ അനുമതി വാങ്ങാതെ പണി പൂർത്തിയാക്കിയതിന് ശേഷം മാത്രം ക്രമവൽക്കരണത്തിനായി അപേക്ഷ സമർപ്പിച്ചവയാണ്. അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിനായി പഞ്ചായത്തിൽ നാളിതുവരെ ഒരു പരിശോധനാ സംവിധാനവും ഒരുക്കിയതായി കാണുന്നില്ല. അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 മെഷീൻ റണ്ണിംഗ് ഫീ ഈടാക്കിയതിൽ കുറവ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 18, 19, പട്ടിക 3 എന്നിവ പ്രകാരം 50 HP മുതൽ 100 HP വരെ കുതിരശക്തിയുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് 1000/- രൂപ മെഷീൻ റണ്ണിംഗ് ഫീയായി ഈടാക്കേണ്ടതാണ്. ശ്രീ. മുഹമ്മദ് അലി. കെ.ടി, എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ 1/465D യിൽ പ്രവർത്തിക്കുന്ന New Super Fresh Packaged Drinking Water Plant & Soda Unit, Elettil എന്ന സ്ഥാപനത്തിൽ 90 HP മോട്ടോർ ഉപയോഗിക്കുന്നതായി ലൈസൻസിനുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മെഷീൻ റണ്ണിംഗ് ഫീയായി 500/- രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. ഈടാക്കാൻ കുറവ് വന്ന തുക (500/- രൂപ ) ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-16 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്.

ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ഇതേ ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് കാണുന്നു. 2013 മുതൽ വിവിധ വർഷങ്ങളിൽ ഘട്ടംഘട്ടമായി പണി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളും ഇതിൽപ്പെടുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗ ക്രമം | നികുതി നിലവിൽ വന്ന വർഷം | ഈടാക്കിയ നികുതി ഗ്രാമ പഞ്ചായത്ത്-30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (വർദ്ധനവ്- 20% വഴി സൗകര്യം, ഇളവ്- മേഖല-10%, വാണിജ്യാവശ്യത്തിനുള്ള ഇരുനില കെട്ടിടം) |
|---|---|---|---|---|
| 4/297 B | മുനീർ, വട്ടക്കണ്ടത്തിൽ | 35.736 $M^2$ വാണിജ്യം | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 1180+59 (5% LC)=1239 |
| 4/297 C | | 22.156 $M^2$ വാണിജ്യം | -ടി- | 732+37 (5% LC)=769 |
| 4/297 D | | 41.1 $M^2$ വാണിജ്യം | -ടി- | 1357+68 (5% LC)=1425 |

| | | | | |
|---|---|---|---|---|
| 4/297 E | | 30.47 $M^2$ വാണിജ്യം | -ടി- | 1006+51 (5% LC)=1057 |
| 4/297 F | | 30.47 $M^2$ വാണിജ്യം | -ടി- | 1006+51 (5% LC)=1057 |
| 4/297 G | | 30.47 $M^2$ വാണിജ്യം | -ടി- | 1006+51 (5% LC)=1057 |
| 4/297 H | | 26.534$m^2$ വാണിജ്യം ഒന്നാം നില | -ടി- | 833+42 (5% LC)=875 |
| 4/297 J | | 30.47 $M^2$ ഒന്നാം നില വാണിജ്യം | -ടി- | 956+48 (5% LC)= 1004 |
| 4/297 K | | 30.47 $M^2$ ഒന്നാം നില വാണിജ്യം | -ടി- | 956+48 (5% LC)= 1004 |
| 4/297 L | | 30.47 $M^2$ ഒന്നാം നില വാണിജ്യം | -ടി- | 956+48 (5% LC)= 1004 |
| ആകെ വിസ്തീർണ്ണം | | 308.342 $M^2$ | | |

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗ ക്രമം | നികുതി നിലവിൽ വന്ന വർഷം | ഈടാക്കിയ നികുതി- ഗ്രാമപഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|---|
| 14/369 A | 1. അഫ്സൽ 2. തറുവേയിക്കുട്ടി ഒതയോത്ത് | 17.57 $M^2$ വാണിജ്യം | 2018ഒന്നാം അർദ്ധ വർഷം മുതൽ | 633+32 (5% LC)=665 |
| 14/369 B | | 21.23 $M^2$ വാണിജ്യം | -ടി- | 765+39 (5% LC)=804 |
| 14/369 C | | 21.23 $M^2$ വാണിജ്യം | -ടി- | 765+39 (5% LC)=804 |

| | | | | |
|---|---|---|---|---|
| 14/369 D | | 21.23 $M^2$ വാണിജ്യം | -ടി- | 765+39 (5% LC)=804 |
| 14/369 E | | 21.23 $M^2$ വാണിജ്യം | -ടി- | 765+39 (5% LC)=804 |
| 14/369 F | | 17.57 $M^2$ വാണിജ്യം | -ടി- | 633+32 (5% LC)=665 |
| 14/369 G | | 21.23 $M^2$ വാണിജ്യം | -ടി- | 765+39 (5% LC)=804 |
| 14/369 H | | 21.23 $M^2$ വാണിജ്യം | -ടി- | 765+39 (5% LC)=804 |
| ആകെ വിസ്തീർണ്ണം | | 162.52 $M^2$ | | |

3)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിട ത്തിന്റെ വിസ്തീർണ്ണം, ഉപയോഗ ക്രമം | നികുതി നിലവിൽ വന്ന വർഷം | ഈടാക്കിയ നികുതി- ഗ്രാമപഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തുനികുതി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|---|
| 18/492 A | മുഹമ്മദ് . കെ പി കോട്ടോപ്പാറ | 10 $M^2$ വാണിജ്യം | 2015 രണ്ടാം അർദ്ധ വർഷം മുതൽ | 360+18 (5% LC)= 378 |
| 18/492 B | | 12 $M^2$ വാണിജ്യം | -ടി- | 432+22 (5% LC)= 454 |
| 18/492 C | | 13 $M^2$ വാണിജ്യം | -ടി- | 468+24 (5% LC)= 492 |
| 18/492 D | | 18 $M^2$ വാണിജ്യം | -ടി- | 648+33 (5% LC)= 681 |
| 18/492 E | | 16 $M^2$ വാണിജ്യം | -ടി- | 576+29 (5% LC)= 605 |

| | | | | |
|---|---|---|---|---|
| 18/492 F | | 18 $M^2$ വാണിജ്യം | -ടി- | 648+33 (5% LC)= 681 |
| 18/492 G | | 18 $M^2$ വാണിജ്യം | -ടി- | 648+33 (5% LC)= 681 |
| ആകെ വിസ്തീർണ്ണം | | 105 $M^2$ | | |

4)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗ ക്രമം | നികുതി നിലവിൽ വന്ന വർഷം | ഈടാക്കിയ നികുതി- ഗ്രാമപഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണ യിച്ച വസ്തു നികുതി (വർദ്ധനവ് - 20% വഴി സൗകര്യം, ഇളവ്- വാണിജ്യാവശ്യത്തി നുള്ള ഇരുനില കെട്ടിടം) |
|---|---|---|---|---|
| 17/372 A | അബ്ദുൾ ഷമീർ, ബാവാട്ടുചാലിൽ | 29 $M^2$ വാണിജ്യം | 2013 ഒന്നാം അർദ്ധ വർഷം മുതൽ | 1044+53 (5% LC)=1097 |
| 17/372 B | | 9.6 $M^2$ വാണിജ്യം | -ടി- | 346+18 (5% LC)=364 |
| 17/372 C | | 9.6 $M^2$ വാണിജ്യം | -ടി- | 346+18 (5% LC)=364 |
| 17/372 D | | 10.56 $M^2$ വാണിജ്യം | -ടി- | 381+20 (5% LC)=401 |
| 17/372 E | | 11.2 $M^2$ വാണിജ്യം | -ടി- | 404+21 (5% LC)=425 |

| | | | | |
|---|---|---|---|---|
| 17/372 F | | 10.76 $M^2$ വാണിജ്യം | -ടി- | 388+20 (5% LC)=408 |
| 17/372 G | | 10.73 $M^2$ വാണിജ്യം | -ടി- | 387+20 (5% LC)=407 |
| 17/372 H | | 64 $M^2$ ഒന്നാം നില വാണിജ്യം | 2017 ഒന്നാം അർദ്ധ വർഷം മുതൽ | 2189+110 (5% LC)=2299 |
| 17/372 J | | 26 $M^2$ ഒന്നാം നില വാണിജ്യം | -ടി- | 890+45 (5% LC)=935 |
| ആകെ വിസ്തീർണ്ണം | | 181.45 $M^2$ | | |

5)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗ ക്രമം | നികുതി നിലവിൽ വന്ന വർഷം | ഈടാക്കിയ നികുതി- ഗ്രാമപഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് – 20%വഴി സൗകര്യം, ഇളവ്- മേൽക്കൂര-10%, വാണിജ്യാവശ്യത്തിനുള്ള ഇരുനില കെട്ടിടം) |
|---|---|---|---|---|
| 17/384 A | മുഹമ്മദ് റാസിക്, അണ്ടിക്കണ്ടിൽ, എളേറ്റിൽ | 6.5 $M^2$ വാണിജ്യം | 2015 ഒന്നാം അർദ്ധ വർഷം മുതൽ | 215+11 (5% LC)=226 |
| 17/384 B | | 12 $M^2$ വാണിജ്യം | -ടി- | 432+22 (5% LC)=454 (മേൽക്കൂര ഇളവില്ല) |
| 17/384 C | | 9 $M^2$ വാണിജ്യം | 2015 രണ്ടാം അർദ്ധ വർഷം മുതൽ | 324+17 (5% LC)=341 (മേൽക്കൂര ഇളവില്ല) |

| | | | | |
|---|---|---|---|---|
| | | | | |
| 17/384 D | | 11 $M^2$ വാണിജ്യം | -ടി- | 396+20 (5% LC)=416 (മേൽക്കൂര ഇളവില്ല) |
| 17/384 E | | 10 $M^2$ ഒന്നാം നില വാണിജ്യം | -ടി- | 342+18 (5% LC)=360 (മേൽക്കൂര ഇളവില്ല) |
| 17/384 F | | 10 $M^2$ ഒന്നാം നില വാണിജ്യം | -ടി- | 342+18 (5% LC)=360 (മേൽക്കൂര ഇളവില്ല) |
| 17/384 G | | 10 $M^2$ ഒന്നാം നില വാണിജ്യം | -ടി- | 342+18 (5% LC)=360 (മേൽക്കൂര ഇളവില്ല) |
| 17/384 H | | 18 $M^2$ ഒന്നാം നില വാണിജ്യം | -ടി- | 616+31 (5% LC)=647 (മേൽക്കൂര ഇളവില്ല) |
| 17/384 J | | 18 $M^2$ വാണിജ്യം | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 436+22 (5% LC)=458 (മേൽക്കൂര ഇളവില്ല) |
| 17/384 L | | 6.51 $M^2$ വാണിജ്യം | -ടി- | 215+11 (5% LC)=226 |
| 17/384 N | | 6.51 $M^2$ വാണിജ്യം | -ടി- | 215+11 (5% LC)=226 |
| 17/384 P | | 6.51 $M^2$ വാണിജ്യം | -ടി- | 215+11 (5% LC)=226 |
| 17/384 Q | | 6.51 $M^2$ വാണിജ്യം | -ടി- | 215+11 (5% LC)=226 |
| 17/384 R | | 13.2 $M^2$ വാണിജ്യം | -ടി- | 436+22 (5% LC)=458 |
| 17/384 S | | 13.2 $M^2$ വാണിജ്യം | -ടി- | 436+22 (5% LC)=458 |
| ആകെ വിസ്തീർണ്ണം | | 152.14 $M^2$ | | |

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 2013 മുതൽ നികുതി നിർണ്ണയിക്കപ്പെട്ട ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ

നികുതി നിലവിലും പരിഷ്കരിക്കപ്പെട്ടിട്ടില്ല എന്നതും, ഓഡിറ്റിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് മാത്രം നികുതിയിൽ മാറ്റം വരുത്തുന്നതല്ലാതെ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തുന്നതിനുള്ള യാതൊരുവിധ നടപടികളും സ്വീകരിക്കുന്നില്ല എന്നതും അപാകതയുടെ ആഴം വ്യക്തമാക്കുന്നു. നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിച്ച്, കുറവ് വന്ന നികുതി, ഈടാക്കേണ്ട കാലയളവു മുതൽ ഈടാക്കി അറിയിക്കേണ്ടതും, ഇത്തരത്തിൽ മുൻവർഷങ്ങളിൽ നികുതി നിർണ്ണയിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-17 റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ ആകെ എണ്ണം 321 ആണ്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം 581 റോഡുകൾ ഉണ്ട്.

| റോഡുകൾ എണ്ണം ,തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 581 | 321 |
| വീതി അഞ്ച് മീറ്ററും അതിന് മുകളിലും | 64 | 33 |

| | | |
|---|---|---|
| വീതി ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ | 517 | 288 |
| വീതി ഒന്നര മീറ്ററിൽ കുറവ് | ഇല്ല | ഇല്ല |

ആസ്തി രജിസ്റ്റർ പ്രകാരം വീതി അഞ്ച് മീറ്ററും അതിന് മുകളിലും ഉള്ള റോഡുകളുടെ എണ്ണം 64 എണ്ണവും റോഡ് മാസ്റ്റർ പ്രകാരം 33 എണ്ണവുമാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാന നികുതിക്കുമേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവയിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. അഞ്ച് മീറ്ററും അതിന് മുകളിലും ഉള്ള മുഴുവൻ റോഡുകളേയും റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നാൽ, നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടുതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കപ്പെടാനും നികുതി നഷ്ടം സംഭവിക്കാനും കാരണമാവുന്നതാണ്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട മുഴുവൻ റോഡുകളും റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-18 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിച്ച വകയിൽ റെയ്ഡ്കോയ്ക്ക് അധിക തുക നൽകി

വിവിധ കുടിവെള്ള പദ്ധതികളുടെ കേടായ മോട്ടോർ മാറ്റി പുതിയ മോട്ടോർ സ്ഥാപിച്ചതിന് റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ ഫയൽ പരിശോധിച്ചതിൽ മോട്ടോർ, കൺട്രോൾ പാനൽ, പൈപ്പുകൾ എന്നിവയുടെ വില, ഫിറ്റിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ & ഇൻസ്റ്റലേഷൻ ചാർജ് എന്നീ ഇനങ്ങളിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് നൽകുക വഴി പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചതായി കാണുന്നു. റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്, ചെലവഴിച്ച തുക | റിമാർക്സ് |
|---|---|
| 1) തയ്യിൽ കുടിവെള്ള പദ്ധതി,<br>പ്രോജക്റ്റ് നം - 155/21-22<br>അടങ്കൽ - 100000<br>ചെലവ് -99962<br>ബിൽനം- 137/30.3.22 | 5 എച്ച്.പി 3 PH മോട്ടോർ വില – 46704/-<br>5 എച്ച്.പി കൺട്രോൾ പാനൽ ,ഇൻസ്റ്റലേഷൻ ചാർജ് , മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 53258 |
| 2) പേനക്കളം കുടിവെള്ള പദ്ധതി,<br>പ്രൊജക്റ്റ് നം - 142/21-22 | 15എച്ച്.പി "മോട്ടോർ വില – 119280<br>5 എച്ച്.പി കൺട്രോൾ പാനൽ" -41300 |

| | |
|---|---|
| അടങ്കൽ - 300000<br>ചെലവ് - 281112<br>ബിൽനം- 137/22.3.22 | ഇൻസ്റ്റലേഷൻ ചാർജ് " - 44840<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 75692 |
| 3)ചെറുമല കോളനിയിൽ മോട്ടോറും പമ്പ് സെറ്റും സ്ഥാപിക്കൽ, (സ്പിൽ ഓവർ)<br>പ്രോജക്ട് നം- 88/21-22<br>അടങ്കൽ - 200000<br>ചെലവ് - 176794<br>ബിൽനം- 153/29.10.21 | 7.5എച്ച്.പി "മോട്ടോർ വില - 71190<br>7.5 എച്ച്.പി കൺട്രോൾ പാനൽ" - 29155<br>ഇൻസ്റ്റലേഷൻ ചാർജ് " - 33320<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 43129 |

പ്രധാന അപാകതകൾ

1) മേൽ പ്രവൃത്തിക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുകയ്ക്ക് കരാർ വെച്ച് തുക നൽകുകയാണ് ചെയ്തത്.

3) മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

4) റെയ്ഡ്കോ കുടിവെള്ള പദ്ധതികൾക്കാവശ്യമായ വലിയ പമ്പ്സെറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത സ്ഥാപനമാണെന്നും രജിസ്ട്രേഷൻ പുതുക്കിയതിനുള്ള സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

5) പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ഡ്കോ നിർമ്മിച്ചതല്ല. പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ഒറിജിനൽ ബിൽ, മോട്ടോറിന്റെ വാറന്റി പേപ്പർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6) കേടായ മൂന്ന് മോട്ടോറുകൾ കൈയ്യൊഴിഞ്ഞതിന്റെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതിൽ പേനക്കളം കുടിവെള്ള പദ്ധതി കഴിഞ്ഞ ഒരു വർഷമായി പ്രവർത്തന രഹിതമാണെന്ന് ഗുണഭോക്തൃ കമ്മിറ്റി സെക്രട്ടറി നേരിൽ ഹാജരായി ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. വെള്ളം അടിക്കുമ്പോൾ ടാങ്കിലേക്കുള്ള പൈപ്പുകൾ പൊട്ടുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നതെന്നും അറിയിച്ചു. കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ സാങ്കേതിക വൈദഗ്ധ്യമുള്ള വകുപ്പുകളെ കൊണ്ട് പരിശോധിക്കാതെ മോട്ടോർ മാത്രം മാറ്റിവെച്ചതുകൊണ്ടാണ് ഇത്തരമൊരവസ്ഥ സംജാതമായത്.

പൊതു വിപണിയിലെ നിരക്ക് പരിശോധിക്കാതെ, ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന തരത്തിൽ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/22/19.12.22) മറുപടി നൽകിയിട്ടില്ല. മൂന്നു മോട്ടോറുകൾ മാറ്റിവെയ്ക്കുന്നതിന് ചെലവഴിച്ച 557868/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-19 പന്നൂർ സാംസ്കാരിക നിലയം കുഴൽക്കിണർ പ്രവൃത്തി ആരംഭിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ പന്നൂർ സാംസ്കാരിക നിലയത്തിന് കുഴൽക്കിണർ നിർമ്മിക്കാൻ നടപ്പാക്കിയ

പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 157/22 |
| അടങ്കൽ | 50000/- |
| ഫണ്ട് | CFC |
| ചെലവ് | 40705/- |
| ബിൽനം. തി. | 6409/21/18.3.22 |

പന്നൂർ സാംസ്കാരിക നിലയത്തിന് കുഴൽക്കിണർ നിർമ്മിക്കുന്നതിനായി മേൽ സൂചിപ്പിച്ച പ്രൊജക്ടിലുൾപ്പെടുത്തി ഭൂജല വകുപ്പിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ കിണർ നിർമ്മാണം ഇതുവരെ തുടങ്ങിയിട്ടില്ല. നിർമ്മാണം തുടങ്ങുന്നതിലെ കാലതാമസം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21-22/19.12.22) നൽകിയ മറുപടിയിൽ സാമ്പത്തിക വർഷാവസാനം തുക ഡെപ്പോസിറ്റ് ചെയ്തതിനാലാണ് പ്രവൃത്തി വൈകിയതെന്ന് അറിയിച്ചിട്ടുണ്ട്. കിണർ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

1-20 പി.എച്ച്.സി യിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - റബ്കോയ്ക്ക് കടത്തുകൂലിയിനത്തിൽ തുക നൽകി

ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.യിലേക്ക് റബ്കോയിൽ നിന്ന് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നം. | 90/22 |
| അടങ്കൽ | 625856/- |
| ഫണ്ട് | M.G (NR) |
| ചെലവ് | 625856/- |
| ബിൽനം. തി. | 584/28.9.21 |

പി.എച്ച്.സി.യിലേക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ ലഭ്യമാക്കുന്നതിനായി 2020-21, 2021-22 വർഷങ്ങളിലായാണ് പദ്ധതി നടപ്പാക്കിയത്. 2020-21 വർഷം മുഴുവൻ തുകയും നൽകാൻ കഴിയാത്തതിനാൽ 2021-22 വർഷവും പദ്ധതി സ്പിൽ ഓവറായി തുടർന്നാണ് മുഴുവൻ തുകയും നൽകിയത്. ഇതിനായി ആകെ ചെലവഴിച്ചത് 1478266/-രൂപയാണ്. ഫർണ്ണിച്ചറുകൾ വാങ്ങിയത് റബ്കോയിൽ നിന്നാണ്. 15.05.2021 ന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മറ്റി യോഗത്തിൽ സാധനങ്ങൾ റബ്കോയിൽ നിന്ന്

നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വാങ്ങലുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല. 9.3.21 ലെ RHW/20-21/361 നമ്പർ ഇൻവോയ്സ് പ്രകാരമാണ് റബ്കോയ്ക്ക് തുക നൽകിയത്. ഇതിൽ കടത്തുകൂലിയിനത്തിൽ 72535/- രൂപ നൽകിയിട്ടുണ്ട്. സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്ന സന്ദർഭങ്ങളിൽ സാധനങ്ങളുടെ വിലയ്ക്ക് പുറമേ വലിയ തുക കടത്തുകൂലിയായി നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21-22 /19.12.22) മറുപടി നൽകിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 625856/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ - പ്രവൃത്തി പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ നാല് അങ്കണവാടികളിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 140/22 |
| അടങ്കൽ | 5,00,000/- |
| ഫണ്ട് | സി.എഫ്.സി |
| ചെലവ് | 5,00,000/- |
| ബിൽനം. തി. | 6409/22/4.2.22 |

പുലിവലം, പറപ്പാറ, മാട്ടുമൂലയിൽ, തണ്ണിക്കുന്ന് എന്നീ അങ്കണവാടികൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/21-22/ 19.12.22) നൽകിയ മറുപടിയിൽ പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കാൻ വൈകിയതുമൂലം പദ്ധതി തുക സമയബന്ധിതമായി അടയ്ക്കാൻ കഴിയാഞ്ഞതിലാണ് നിർവ്വഹണം വൈകിയതെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി 2022-23 പദ്ധതി വർഷം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിലേക്ക് വാട്ടർ അതോറിറ്റിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്തെഴുതിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-22 അഗതി രഹിത കേരളം പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ അഗതികളുടെ പുനരധിവാസത്തിനായി അഗതി രഹിത കേരളം പദ്ധതി 2019-20 വർഷം മുതൽ നടപ്പാക്കി വരുന്നുണ്ട്. ഇതിൽ ആകെ 117 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ 8 പേർ മരണപ്പെടുകയും, രണ്ടുപേർ ഗ്രാമപഞ്ചായത്തിൽ നിന്ന് താമസം മാറുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഭക്ഷണം നൽകുന്നതിൽ വീഴ്ച

2022 സെപ്തംബർ മാസം മുതൽ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നില്ല. ചലഞ്ച് ഫണ്ട് മുഴുവനായും തീർന്നതിനാലാണ് ഭക്ഷണം നൽകാൻ കഴിയാത്തതെന്ന് സി.ഡി.എസ്. ചെയർപേഴ്സൺ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ചലഞ്ച് ഫണ്ടിന്റെ അഭാവത്തിൽ തനത് ഫണ്ടിൽ നിന്നും ഭക്ഷണം നൽകാവുന്നതാണെങ്കിലും ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ നൽകുന്നതിൽ വീഴ്ച

ഭക്ഷണത്തിന് പുറമേ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട മറ്റ് അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പദ്ധതിയിൽ നൽകേണ്ടിയിരുന്ന മറ്റ് ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പാക്കേജിലെ ഇനം | അടങ്കൽ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഭൂമി | 600000 | 4 |
| 2 | വീട് | 14800000 | 37 |
| 3 | വീട് റിപ്പയർ | 8250000 | 55 |
| 4 | വിദ്യാഭ്യാസം | 129000 | 15 |
| 5 | ചികിത്സ | 171000 | 29 |
| 6 | കുടിവെള്ളം | 2900000 | 58 |
| 7 | വൈദ്യുതി | 50000 | 5 |
| 8 | വസ്ത്രം | 283000 | 189 |
| 9 | കക്കൂസ് | 518000 | 37 |

മൂന്ന് വർഷം കൊണ്ട് (2019-21) പൂർത്തിയാകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പദ്ധതി കാലയളവ് പൂർത്തിയായിട്ടും ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണത്തിന് 37 പേർക്ക് ആനുകൂല്യം നൽകേണ്ടിയിരുന്നു. എന്നാൽ ഇതിൽ ആർക്കും ആനുകൂല്യം നൽകിയിട്ടില്ല. ലൈഫ് ഭവന പദ്ധതിയിൽ ഈ കാലയളവിൽ നിരവധി പേർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയെങ്കിലും അഗതി പദ്ധതി ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. യഥാർത്ഥത്തിൽ ലൈഫ് പദ്ധതിയിലെ ആദ്യ ഗുണഭോക്താക്കളായി പരിഗണിക്കേണ്ടത് ഇവരെയായിരുന്നു. എന്നാൽ ഇങ്ങനെ ചെയ്തിട്ടില്ല. വീട് റിപ്പയറിന് 55 പേർക്ക് ആനുകൂല്യം നൽകേണ്ടതായിരുന്നുവെങ്കിലും വളരെ കുറച്ചുപേർക്ക് മാത്രമേ ഈ കാലയളവിൽ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുള്ളൂ.

3.മോണിറ്ററിംഗ് - ഉപസമിതി രൂപീകരിച്ചില്ല

കുടുംബശ്രീ പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിനായി വിലയിരുത്തൽ സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ അഗതി രഹിത പദ്ധതി വിലയിരുത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഇതിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതായിരുന്നു. എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടില്ല. മോണിറ്ററിംഗിന്റെ അഭാവം ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്.

അഗതി രഹിത കേരളം പദ്ധതിയുടെ നിർവ്വഹണത്തിൽ കുടുബശ്രീ സി.ഡി.എസിന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെയും യോജിച്ചുള്ള പ്രവർത്തനമുണ്ടായെങ്കിൽ മാത്രമേ ഗുണഭോക്താക്കളുടെ പുനരധിവാസം സാധ്യമാവുകയുള്ളൂ. എന്നാൽ ഇതു തിരിച്ചറിഞ്ഞുള്ള പ്രവർത്തനം നടത്തുന്നതിൽ പഞ്ചായത്ത് ഭരണസമിതിയും, കുടുംബശ്രീ സി.ഡി.എസ്സും വീഴ്ച വരുത്തിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/21-22/19.12.22) മറുപടി നൽകിയിട്ടില്ല. അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പാക്കേജിൽ സൂചിപ്പിച്ച മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ച എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-23 ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ കച്ചേരിമുക്കിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിക്ക് ബാത്ത് റൂം, കുടിവെള്ളം ഉൾപ്പെടെയുള്ള ആവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ

വീഴ്ചയുള്ളതായി കാണുന്നു. മെഡിക്കൽ ഓഫീസർ ഉൾപ്പെടെ മൂന്ന് വനിതാ ജീവനക്കാരാണ് ഇവിടെ പ്രവർത്തിച്ചുവരുന്നത്. മരുന്നുകൾ സൂക്ഷിക്കുന്നതിന് മതിയായ സൗകര്യം ഇല്ല. കഴിഞ്ഞ പന്ത്രണ്ട് വർഷമായി ഈ സ്ഥാപനം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. ദിവസവും ശരാശരി നൂറ് രോഗികൾ വരെ ചികിത്സക്കായി ആശ്രയിക്കുന്ന ഈ സ്ഥാപനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഈ അസൗകര്യങ്ങൾ നിരവധി തവണ മെഡിക്കൽ ഓഫീസർ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നടപടികളൊന്നും ഉണ്ടായിട്ടില്ല. ഹോമിയോ ഡിസ്പെൻസറിക്ക് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21-22/19.12.22) മറുപടി നൽകിയിട്ടില്ല. ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വനിതകളുടെ സാമൂഹ്യ- സാമ്പത്തിക മേഖലകളിലെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതി നിർദ്ദേശങ്ങൾ ഉയർന്നു വന്നെങ്കിലും അവയൊന്നും നടപ്പാക്കിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം-5/21-22/19.12.22 നൽകിയ മറുപടിയിൽ പെണ്ണാട് വിതരണം (വനിത) ഇടവിളകൃഷി (വനിത) എന്നീ പദ്ധതികൾ വനിതകൾക്കായി നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ മേൽസൂചിപ്പിച്ച മാർഗ്ഗരേഖ ഖ 6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. തുടർ വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളിൽ വനിതാ ഘടക പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് വൗച്ചറുകളിൽ നിന്നും വ്യക്തമല്ല. എല്ലാ ചെലവുകളുടേയും(ശമ്പളം, കറന്റ് ചാർജ്ജ് പോലുള്ള പ്രതിമാസ ചെലവുകൾ ഒഴികെയുള്ള) നടപടിക്രമങ്ങൾ ആരംഭിക്കുന്നത് തന്നെ ചെലവിനുള്ള ക്ലെയിം (ബിൽ,പേമന്റ് റിക്വസ്റ്റ്) ഓഫീസിൽ സമർപ്പിക്കപ്പെടുമ്പോഴാണ്. ക്ലെയിം ഇല്ലാതെയുള്ള പേമന്റ് സമയത്ത് പേമെന്റ് നടത്തപ്പെടുന്ന സേവനത്തിന്റെ/സാധനത്തിന്റെ ആവശ്യകതയുണ്ടോ, ആവശ്യകത എവിടെ നിന്നു ഉയർന്നു വന്നു, വലിയ പർച്ചേസുകളുടെ കാര്യത്തിൽ ഭരണസമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാരമുണ്ടോ തുടങ്ങിയ കാര്യങ്ങൾ വെളിവാക്കപ്പെടുന്നില്ല. ഇത്തരത്തിൽ ഒരു സേവനത്തിനോ സാധനത്തിനോ പേമെന്റ് നടത്തുമ്പോൾ അതിന് അംഗീകാരം നല്കുന്ന മേൽ നോട്ട സംവിധാനത്തിലെ വിവിധ തട്ടുകളായ ജെ.എസ്/എച്ച്.സി, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ചെലവുമായി ബന്ധപ്പെട്ട മേല്പറഞ്ഞ കാര്യങ്ങളൊന്നും അറിയാൻ കഴിയുന്നില്ലെന്നത്, ക്രമക്കേടിനുള്ള സാധ്യത കൂട്ടുന്നതാണ്. ഇത്തരം ചെലവുകൾക്കുള്ള ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | ചെലവിനം | വൌച്ചർ നം | തുക |
|---|---|---|---|

| നം | | | |
|---|---|---|---|
| 1 | KPRആക്ട്,ബിൽഡിംഗ് റൂൾസ് പുസ്തകങ്ങൾ വാങ്ങിയത് | 22100466/3.11.21 | 7890/- |
| 2 | രശീതി ബുക്കുകൾ വാങ്ങിയത് | 22100483/12.11.21 | 10223/- |

ഒരു അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ, തുക സ്വീകരിക്കുന്നതും, ചെലവഴിക്കുന്നതും ആവശ്യമുണ്ടെങ്കിൽ മാത്രമുള്ള ഒരു ഘടകമാണെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. പേമെന്റ് വൗച്ചറുകളുടെ കാര്യത്തിൽ ഇപ്രകാരം ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കാൻ എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു.

കൂടാതെ അക്കൗണ്ട് ചട്ടങ്ങൾ നിഷ്കർഷിക്കും വിധം ഓരോ മാസത്തേയും വൗച്ചർ കെട്ടിനൊപ്പം വൗച്ചറുകളുടെ ലിസ്റ്റ് തയ്യാറാക്കി വെച്ചിട്ടില്ല. ഇതുകൊണ്ട് തന്നെ എല്ലാ വൗച്ചറുകളും ക്രമപ്രകാരം സൂക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ചട്ടം പാലിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ 28.12.22 ന് നല്കിയ മറുപടിയിൽ ഫയൽ നടപടിക്രമങ്ങൾ സൂചികയിൽ ഉണ്ടെന്നും ചില ചെലവുകളുടെ കാര്യത്തിൽ അപാകത സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചർ ലിസ്റ്റിന്റെ കാര്യത്തിൽ സാംഖ്യ സോഫ്റ്റ്‌വെയറിൽ ഇത് ലഭ്യമാകുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.
സോഫ്റ്റ്‌വെയറിൽ ലിസ്റ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. കൂടാതെ ഫയൽ നടപടിക്രമങ്ങൾ തുടർന്നങ്ങോട്ട് ഉൾപ്പെടുത്തി അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-26 റവന്യൂ ചെലവുകൾ നടത്തിയത് -പോരായ്മകൾ

സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും റവന്യൂ ചെലവുകൾ വഹിക്കുന്നതിന് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പോരായ്മകൾ സംഭവിച്ചിട്ടുണ്ട്.

1) സ്റ്റേഷനറി വാങ്ങിയത് - നല്കിയ തുകയ്ക്കുള്ളവ ലഭിച്ചിട്ടില്ല

വൗച്ചർ നം,തുക -22100701/21.2.22- 88665/-രൂപ

വിവിധ തരത്തിലുള്ള ഫോറങ്ങളും രജിസ്റ്ററുകളുമടക്കമുള്ള സ്റ്റേഷനറി ലഭ്യമാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം 88665/-രൂപ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നല്കിയിട്ടുണ്ട്. മുദ്രാലയം നല്കിയ ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുകയായിരുന്നു. എന്നാൽ നാളിതുവരെയായി 65563/-രൂപയുടെ സാധനങ്ങൾ മാത്രമാണ് സ്ഥാപനം നല്കിയിരിക്കുന്നത്. 23102/-രൂപ ഈ ഇനത്തിൽ തിരികെ ലഭിക്കാനുണ്ട്. തുക തിരികെ ഈടാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. തുക തിരികെ ഈടാക്കുകയോ, തുടർ വാങ്ങലുകളിൽ അഡ്ജസ്റ്റ് ചെയ്തോ വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടതിന് 28.12.22 ന് നല്കിയ മറുപടിയിൽ തുക ഉടൻ അഡ്ജസ്റ്റ് ചെയ്യുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

കൂടാതെ വൗച്ചർ നമ്പർ 22100523/29.11.21 പ്രകാരം ത്രിവേണി സൂപ്പർ മാർക്കറ്റിൽ നിന്നും 16398/-രൂപ ചെലവിൽ 81 ബണ്ടിൽ പേപ്പർ (A4-80,A3-1)വാങ്ങിയെങ്കിലും ഇതിന്റെ വിതരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണവിവരം കൂടി പരിശോധനയ്ക്ക് നല്കേണ്ടതാണ്.

2) ടൂർ ഡയറിയില്ലാതെ യാത്രാബത്ത അനുവദിച്ചു

| വൗച്ചർ നമ്പർ | തുക | ഇനം |
|---|---|---|
| 22100562/10.12.21 | 2000 | സെക്രട്ടറിയുടെ യാത്രാബത്ത |
| 22100563/10.12.21 | 2800 | സെക്രട്ടറിയുടെ യാത്രാബത്ത |

| | | |
|---|---|---|
| 22100564/10.12.21 | 23145 | ജീവനക്കാരുടെ യാത്രാബത്ത |

സെക്രട്ടറിക്കും ജീവനക്കാർക്കും യാത്രാബത്ത അനുവദിക്കാനായി മേൽ വൗച്ചറുകൾ പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ യാത്രാബത്ത ആവശ്യപ്പെട്ടുകൊണ്ടുള്ള യാത്രാഡയറി ലഭിക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. സ്ഥാപനത്തിൽ സൂക്ഷിച്ച മൂവ്മെന്റ് രജിസ്റ്റർ അടിസ്ഥാനപ്പെടുത്തിയാണ് തുക അനുവദിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഓഫീസിൽ ഹാജരായി ഹാജർ രേഖപ്പെടുത്തിയ ജീവനക്കാർ ഔദ്യോഗികമോ, വ്യക്തിപരമായതോ ആയ കാര്യങ്ങൾക്ക് പുറത്ത് പോകുമ്പോൾ പ്രസ്തുത വിവരം രേഖപ്പെടുത്തുന്നതാണ് ഈ രജിസ്റ്റർ എന്നിരിക്കെ ഇതിലെ രേഖപ്പെടുത്തൽ അടിസ്ഥാനപ്പെടുത്തി യാത്രാബത്ത അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറിയ്ക്ക് നൽകിയ യാത്രാബത്ത, യാത്രാഡയറി അടിസ്ഥാനപ്പെടുത്തിയാണ് നല്കിയതെന്നും ജീവനക്കാരുടെ കാര്യത്തിൽ അപാകത ഭാവിയിൽ ആവർത്തിക്കില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകത ഒഴിവാക്കി വിവരം അറിയിക്കേണ്ടതാണ്.

3) ജി എസ് ടി /ഐ ടി റിട്ടേൺ തയ്യാറാക്കുന്നതിന് തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷത്തിൽ ജി.എസ്.ടി, ഐ.ടി റിട്ടേണുകൾ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി, ഐ.ടി റിട്ടേണുകൾ തയ്യാറാക്കേണ്ടത് ഓഫീസ് ജോലിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട ജോലിയാണ്. ഇത് പുറമെ നിന്ന് പണം കൊടുത്ത് ചെയ്യുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്. വളരെ കുറഞ്ഞ ഫീസ് വരുന്ന ഫയലിംഗ് മാത്രമേ കൺസൾട്ടൻസി മുഖേന ചെയ്യേണ്ടതുള്ളൂ. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യത്തിലുള്ള പരിശീലനക്കുറവും സമയക്കുറവും കാരണമായി കാണിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം ചെലവുകൾ ഒഴിവാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റി - പ്രവൃത്തി ആരംഭിയ്ക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ ചില ഗുണഭോക്താക്കൾ പദ്ധതി നിർവ്വഹണത്തിനായി നൽകിയ മുൻകൂർ തുക 25000 രൂപ (50%) കൈപ്പറ്റിയിട്ട് പ്രവൃത്തി നടത്തിയിട്ടില്ല, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താക്കളുടെ പേര് |
|---|---|
| 103/22 വീട് വാസയോഗ്യമാക്കൽ ജനറൽ | ശ്രീമതി. ചിരുതക്കുട്ടി<br>ശ്രീമതി. പ്രസന്ന കുമാരി<br>ശ്രീമതി. ജമീല ഒതയോത്ത് |
| 5/22 വീട് മേൽക്കൂരമാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ | ശ്രീമതി സെൽമ<br>ശ്രീമതി. ആസിയ<br>ശ്രീ.മൊയ്തീൻ കുട്ടി. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 24/2021-22 19.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ തുക കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്ത ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മുൻകൂർ നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 പി.എം.എ.വൈ വിഹിതം ഗുണഭോക്താവിന് തുക ലഭ്യമായില്ല - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

ഓഡിറ്റ് എൻക്വയറി നമ്പർ 23 /2021-22 19.12.22

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി - 8/21-22 പി.എം.എ.വൈ വിഹിതം ജനറൽ

ചെലവ് തുക - 560000 വികസന ഫണ്ട് ജനറൽ

ബിൽ - 87324/21.1.22, 68815/18.3.22

പി.എം.എ.വൈ പദ്ധതിയിലെ ഒരു ഗുണഭോക്താവിന് 70000 രൂപ വീതം ഗ്രാമ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്തിന് നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 8 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിയിൽ തുക നൽകിയിട്ടുള്ളത് . പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഡ് ഏഴിലെ ശ്രീമതി ആമിനയ്ക്ക് ലഭിയ്ക്കേണ്ട ഗ്രാമപഞ്ചായത്ത് ഷെയർ ഈ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഈ തുക ടിയാരിയുടെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല.

2 ബ്ലോക്ക് പഞ്ചായത്ത് തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 കൃഷി ഭവൻ അറ്റകുറ്റ പണി - പൊളിച്ചുമാറ്റിയ വസ്തുക്കൾ ലേലം ചെയ്ത് വിൽക്കാതെ തുരുമ്പെടുത്ത് നശിക്കുന്നതിനാൽ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കൃഷിഭവൻ അറ്റകുറ്റപണി നടത്തുന്നതിനായി 575195 രൂപ ചെലവഴിച്ച് 19/22 നമ്പർ പദ്ധതിയും 173885 രൂപ ചെലവഴിച്ച് 165/22 നമ്പർ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട് . പദ്ധതി പ്രകാരം കൃഷി ഭവനിൽ നിലവിലുള്ള ജനലുകൾ ഗ്രില്ലുകൾ റൂഫ് ഷീറ്റുകൾ എന്നിവ പൊളിച്ച് മാറ്റി പുതിയത് സ്ഥാപിച്ചിട്ടുണ്ട്. ഡിമോളിഷ് ചെയ്ത പഴയ ഉപകരണങ്ങൾ 32288 രൂപ വിലയുള്ളതായി സർവ്വേ റിപ്പോർട്ട് ഉണ്ട്. എന്നാൽ നാളിതുവരെയായും ഈ വസ്തുക്കൾ ലേലം ചെയ്ത് വിറ്റ് തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല. 16.12.22 ന് ഓഡിറ്റ് സ്ഥലപരിശോധനയുടെ ഭാഗമായി കൃഷിഭവൻ ഓഫീസ് സന്ദർശിച്ചതിൽ കൃഷിഭവന് മുമ്പിൽ കൂട്ടിയിട്ടിരിക്കുന്ന ഈ വസ്തുക്കൾ തുരുമ്പെടുത്തു നശിക്കുന്ന അവസ്ഥയിലാണ് ഉള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/21-22 തിയ്യതി 19.12.22) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാൻ സെക്രട്ടറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല

പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളിൽ ചിലത് പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളിലും റോഡുകളിലുമാണ് നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത്. എന്നാൽ അപ്രകാരമല്ലാതെ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ചെലവ് തുക |
|---|---|
| 1)161/21-22 ചെരിച്ചിപ്പറമ്പ് ഈസ്റ്റ് കിഴക്കോത്ത് കുടിവെള്ള പദ്ധതി | 169000 |
| 2)162/21-22 പുതിയോട്ടിൽ കോയാറ്റിൽ കുടിവെള്ള പദ്ധതി | 300000 |
| 3) 163/21-22 മായൻ കണ്ടി മുക്ക് കണ്ടിയിൽ മീത്തൽ കോളനി കുടിവെള്ള പദ്ധതി | 250000 |
| 4) 164/21-22 തണ്ണിക്കുണ്ട് കുടിവെള്ള പദ്ധതി | 229000 |

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലത്ത് പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ആസ്തി മൂല്യമായി ആസ്തി രജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ആസ്തികളുടെയും ചേർക്കപ്പെടുന്ന മൂല്യങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ മറുപടിയിൽ ഭരണസമിതി തീരുമാനപ്രകാരമാണ് എന്ന വിശദീകരണം തൃപ്തികരമല്ല. അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 പി.എച്ച്.സി റീ വയറിംഗ് പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം - പെയിന്റിംഗും ഫർണിഷിംഗും പൂർത്തിയാക്കിയ ശേഷം റീവയറിങ്ങിനായി ചുവരുകൾ പൊളിക്കുന്നു

പി.എച്ച്.സി. വിവിധ അങ്കണവാടികൾ, കൃഷിഭവൻ എന്നിവയിലെ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 2021-22 വർഷത്തിൽ 600000 രൂപ വകയിരുത്തി രൂപീകരിച്ച പദ്ധതിയാണിത്. 16.12.22 ന് പി.എച്ച്.സിയിൽ ഓഡിറ്റ് സ്ഥലപരിശോധനയുടെ ഭാഗമായി സന്ദർശിച്ചതിൽ ആശുപത്രിയിൽ വയറിംഗ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുകയാണ്. എൻ.എച്ച്.എം പദ്ധതിയിൽ പുതിയതായി പൂർത്തീകരിച്ചിട്ടുള്ള പെയിന്റിംഗ് പ്രവൃത്തി പൂർത്തിയായതിനുശേഷമാണ് ചുമരുകൾ കുഴിച്ച് പ്രവൃത്തി നടപ്പിലാക്കുന്നത്. കൂടാതെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 1333371 രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുള്ള ഫർണിഷിംഗ് പ്രവൃത്തിയും (പ്രൊജക്ട് 90/21-22, 75/21-22) നാശമാകുന്ന അവസ്ഥയിലാണ് പ്രവൃത്തി നടക്കുന്നത്. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) 28.2.22 ൽ ഇ-ടെണ്ടർ നടത്തിയ ഈ പ്രവൃത്തി സിംഗിൾ ടെണ്ടർ ആയതിനാൽ പ്രവൃത്തി നടത്തിയില്ല. ഈ പ്രവൃത്തിയുടെ റി ഇ-ടെണ്ടർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് വളരെയധികം കാലതാമസം വരുത്തിയിട്ടുണ്ട്. റി ഇ-ടെണ്ടർ നടത്തുന്നത് 28.6.22 നാണ്.

2) ശ്രീ. അനിൽ കുമാർ എന്ന കരാറുകാരൻ 56/21-22/20.7.22 നമ്പർ പ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തി കരാർ പ്രകാരം 15 ദിവസത്തിനകം പൂർത്തിയാകേണ്ടതാണ് . കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടപ്പിലാകാത്ത അവസ്ഥയിലാണ് ഉള്ളത്. ഇത് ആശുപത്രിയിലെത്തുന്ന രോഗികൾക്കും ജീവനക്കാർക്കും വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

3)പദ്ധതി നടപ്പിലാക്കിയ രീതിയിൽ അവ്യക്തത ഉള്ളതായി കാണുന്നു. പദ്ധതി വിശദാംശ പ്രകാരം പ്രവൃത്തി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു എന്നാണ് ഉള്ളത്. എന്നാൽ പ്രൊജക്റ്റ് ഫോം ക്രമ നമ്പർ 13 ൽ പ്രവൃത്തി നിർവ്വഹണ രീതി നേരിട്ട് എന്നാണ് എഴുതിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത് ടെണ്ടർ നടപടികളിലൂടെയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/21-22 തിയ്യതി :19.12.2) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും മറുപടി തൃപ്തികരമല്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല

ഓഡിറ്റ് വർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിനായി 52 പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 44 പദ്ധതികൾ നടപ്പിലാക്കിയതിൽ 33 പ്രവൃത്തികളും ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾക്കായി റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൊണ്ടുള്ള പ്രവൃത്തികളാണ്. അടിസ്ഥാന ആവശ്യങ്ങൾക്ക് രൂപീകരിച്ചിട്ടുള്ള പ്രവൃത്തികൾ പലതും പ്രവൃത്തി പൂർത്തിയാക്കി ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക | റിമാർക്ക്സ് |
|---|---|---|
| 78/22 എം.സി.എഫ് നിർമ്മാണം | 4651600 | ഈ പദ്ധതിയ്ക്കായി സ്ഥല ലഭ്യത ഉറപ്പ് വരുത്താതെ ഗ്രാമപഞ്ചായത്ത് 2018-19 വർഷം മുതൽ പദ്ധതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും പദ്ധതികൾ നടപ്പിലാകാതെ ഫണ്ടുകൾ പാഴാകുന്ന അവസ്ഥയാണ്. എം.സിഎഫ് നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള കാലതാമസം ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യ വിലോപമാണ്. ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണ |

| | | |
|---|---|---|
| | | ത്തിനും, ശുചിത്വ പദവി കൈവരിക്കുന്നതിനും, ഹരിത കർമ്മസേനയെ ശക്തിപ്പെടുത്തുന്നതിനും എം.സി.എഫ് നിർമ്മാണം വളരെ അത്യാവശ്യമാണ്. |
| 111/22 ടേക്ക് എ ബ്രേക്ക് പദ്ധതി | 772109 | 16.12.22 ന് ഓഡിറ്റ് സ്ഥല പരിശോധന നടത്തിയതിൽ കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിശ്രമകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ബഡ്സ് സ്കൂൾ നിർമ്മാണം | 0 | ഗ്രാമസഭകളിലും, വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകളിലും, ബഡ്സ് സ്കൂളുകൾ നിർമ്മിക്കുക എന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടെങ്കിലും അതിനായി സ്ഥലം ലഭ്യമാക്കുന്നതിലും വിവിധതലങ്ങളിൽ നിന്ന് ഇതിനായി ഫണ്ടു വരുമെന്നിരിക്കെ പദ്ധതികൾ തയ്യാറാക്കാതിരിക്കുന്നതും വീഴ്ചയാണ്. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള ധാരാളം കുട്ടികൾ ഉണ്ടെന്നിരിക്കെ പദ്ധതി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| വിവിധ അങ്കണവാടികളുടെ അറ്റകുറ്റ പണികൾ | 21/22 -756000<br>174/22 -220584<br>167/11- 350000<br>168/22- 499000<br>149/99- 600000 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുമ്പോൾ മുന്തിയ പരിഗണന നൽകി നടപ്പിലാക്കേണ്ട പദ്ധതിയാണ് അങ്കണവാടികളുടെ നവീകരണം എന്ന പദ്ധതി. എന്നാൽ ഈ പദ്ധതികളൊന്നും തൻവർഷം നടപ്പിലാക്കാതെ ഫണ്ട് പാഴാക്കിയ |

| | | |
|---|---|---|
| | | തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 27/2021-22 19.12.22) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് പദ്ധതികൾ ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുന്നു.

റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഗ്രാമപഞ്ചായത്ത് ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള വീഴ്ച മൂലം റോഡുകൾ സമയാസമയങ്ങളിൽ മെയിന്റനൻസ് ചെയ്യാത്തതിനാൽ പൂർണമായും പൊളിഞ്ഞു പോകുന്ന അവസ്ഥ ഉണ്ടാകുകയും റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നടത്തേണ്ടി വരുമ്പോൾ പഴയ റോഡിന്റെ ഉപരിതലം മുഴുവനും സ്കാരിഫൈ ചെയ്ത് ഗ്രാനുലാർ സബ് ബേസ് ചെയ്തതിനുശേഷം പുതിയ റോഡ് ഉണ്ടാക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കേണ്ടി വരുന്നു. സമയബന്ധിതമായി റോഡുകൾ മെയിന്റനൻസ് ചെയ്യാതിരുന്നതിനാലാണ് റോഡുകൾ പൂർണമായും തകർന്നു പോകുന്ന അവസ്ഥ ഉണ്ടായത്. തൻവർഷം നടപ്പിലാക്കിയ 44 പദ്ധതികളിൽ 33 പ്രവൃത്തികളും ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾക്കായി റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചു കൊണ്ടുള്ള പ്രവൃത്തികളാണ്.

ഈ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡുകളുടെ കൂടുതൽ ഭാഗങ്ങളും പൊട്ടി പൊളിഞ്ഞ അവസ്ഥയിലാണ് ഉള്ളത്. പഴയ റോഡുകൾ സ്കാരിഫൈ ചെയ്യുന്ന മെറ്റീരിയൽ ഒരു കിലോമീറ്റർ ദൂരെ ഡെപ്പോസിറ്റ് ചെയ്യുന്ന രീയിയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള എം ബുക്കിലൊന്നും സ്കാരിഫൈ ചെയ്ത പഴയ റോഡുകളുടെ അവശിഷ്ടങ്ങൾ റീ യൂസബിൾ അല്ല എന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ റീ യൂസബിൾ ആണെങ്കിൽ ആയവ പ്രവൃത്തിയ്ക്കായി ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

എല്ലാ പ്രവൃത്തി ഫയലുകളിലും നവീകരണം തൃപ്തികരമായി പൂർത്തീകരിച്ചു എന്ന് മോണിറ്ററിംഗ് റിപ്പോർട്ട് ഉണ്ടെങ്കിലും പ്രവർത്തികൾ പൂർണമായും തൃപ്തികരമല്ലെന്ന് സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 16.12.2022 സ്ഥല സന്ദർശനം നടത്തിയ കാഞ്ഞിരമുക്ക് മംഗലോട്ട് കുന്ന് എന്ന റോഡ് ശ്രീ. റിജു എന്ന കരാറുകാരൻ നവീകരണം പൂർത്തിയാക്കിയിട്ടുള്ളതാണ്. റോഡ് നവീകരണം പൂർത്തിയാക്കിയിട്ടുള്ള 60 മീറ്റർ നീളത്തിലുള്ള ചെയിനേജിൽ റോഡിന്റെ തുടക്കത്തിൽ റോഡ് കുഴിഞ്ഞ അവസ്ഥയിലാണ് ഉള്ളത്.

കൂടാതെ മെയിന്റനൻസിനായി റോഡുകൾ തെരഞ്ഞെടുക്കുന്നതിലും മുൻഗണന പരിഗണിക്കുന്നില്ല. വാർഡ് 4 ലെ തണ്ണിക്കുണ്ട് തേങ്ങാക്കൂട് പന്നിയങ്ങാട്ട് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നില്ല എന്നത് സംബന്ധിച്ച് ശ്രീ.ടി.കെ കാതിരി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ ജില്ലാ കളക്ടർ 28.1.22. ലെ 554040/22 നമ്പർ പ്രകാരം ഈ പരാതിയിലുള്ള നടപടി വിവരം അന്വേഷിച്ചുകൊണ്ട് സെക്രട്ടറിയ്ക്ക് കത്തെഴുതിയിട്ടുണ്ട്. ഈ പരാതിയിൽ 18.3.22 എ1/631/22 പ്രകാരം ജില്ലാ കലക്ടർക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ പ്രസ്തുത റോഡ് ടാർ ചെയ്യുന്ന പ്രവൃത്തി നിലവിലുള്ള വാർഷിക പദ്ധയിൽ ഉൾപ്പെട്ടിട്ടില്ല എന്നും വരും വർഷങ്ങളിലെ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തേണ്ടതുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും 22-23 വർഷത്തെ പദ്ധതിയിലും ഈ റോഡ് ടാറിംഗ് പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യകത പരിഗണിക്കാതെയാണ് പദ്ധതികൾക്കായി റോഡുകൾ തെരഞ്ഞെടുക്കുന്നത് എന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 20 /2021-22 19.12.22) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-34 ഖരമാലിന്യ സംസ്കരണ പദ്ധതികൾ - ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇതിനാവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി വരുന്നുണ്ട്. ജി.ഒ(പി)10/17/ആ.സാ.വ/ 19.04.2017 പ്രകാരമുള്ള നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ (സാധാ) 2420/17/തസ്വഭവ/ 15.07.2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കേണ്ടത്. മാലിന്യ നിർമ്മാജന പദ്ധതികളിൽ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാലിന്യ സംസ്കരണത്തിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

12.8.2020 ലെ സ.ഉ (സാധാ) നം.1496/2020/തസ്വഭവ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണത്തിനും അജൈവമാലിന്യ സംസ്കരണത്തിനായി ഭൗതിക സൗകര്യങ്ങൾ ഒരുക്കേണ്ടത് ഗ്രാമപഞ്ചായത്താണ്. ഇതിനായി എം.സി.എഫ്, എം.ആർ.എഫ്, ആർ.ആർ.എഫ് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. ആയവ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ വെച്ച് വേർതിരിച്ച് പുനരുപയോഗയോഗ്യമായത് വിൽപ്പന നടത്തി വരുമാനം ആർജ്ജിക്കാൻ കഴിയുമായിരുന്നു. ഇവിടെ ശേഖരിക്കുന്ന പുനരുപയോഗയോഗ്യമല്ലാത്ത മാലിന്യങ്ങൾ കിലോയ്ക്ക് 5.25 രൂപ നൽകി ഗ്രീൻ വേംസ് ഇക്കോ സോല്യൂഷൻ എന്ന സ്ഥാപനത്തിന് നൽകുന്ന സാഹചര്യമാണ് ഉള്ളത്. 19.11.21 മുതൽ ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ഹരിതകർമ്മ സേനാംഗങ്ങൾ വീടുകളിൽ നിന്ന് യൂസർ ഫീസ് ഈടാക്കിക്കൊണ്ട് മാലിന്യങ്ങൾ ശേഖരിക്കുകയും ആയവ തുക നൽകിക്കൊണ്ട് ഈ സ്ഥാപനത്തിന് നൽകുകയും ചെയ്യുന്നു. ഹരിതകർമ്മസേനാംഗങ്ങൾക്ക് അവർ ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ വേർതിരിക്കുന്നതിന് എം.സി.എഫ് ഇല്ലാത്തതിനാൽ ഉപയോഗ്യയോഗ്യമായ വേസ്റ്റുകൾക്ക് കരാർ പ്രകാരം വില ഈടാക്കുന്നതിന് സാധിച്ചിട്ടില്ല. വേസ്റ്റുകൾ തൂക്കം എടുക്കുന്നതിനായി വെയിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും അത് സ്ഥാപിക്കുന്നതിന് എം.സി.എഫ് സൗകര്യം ഇല്ലാത്തതിനാൽ മെഷീൻ വൈസ് പ്രസിഡന്റിന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. മാലിന്യങ്ങൾ ബെയിൽ ചെയ്ത് വില്പന നടത്തുകയാണെങ്കിൽ ഇതിന് ഹരിതകർമ്മസേനയ്ക്ക് കൂടുതൽ വില ലഭിയ്ക്കാനുള്ള സാഹചര്യമുണ്ടാകും. എം.സി.എഫ് ഇല്ലാത്തതിനാൽ മാലിന്യങ്ങൾ ബെയിൽ ചെയ്ത് വില്പന നടത്തുക വഴി ഹരിതകർമ്മസേനയ്ക്ക് കൂടുതൽ വരുമാനം ആർജിക്കാനുള്ള സാഹചര്യം ഇല്ലാതായിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി സ്ഥല ലഭ്യത ഉറപ്പ് വരുത്താതെ ഗ്രാമപഞ്ചായത്ത് 2018-19 വർഷം മുതൽ പദ്ധതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും പദ്ധതികൾ നടപ്പിലാകാതെ ഫണ്ടുകൾ പാഴാകുന്ന അവസ്ഥയാണ്. എം.സിഎഫ് നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള കാലതാമസം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യ വിലോപമാണ്. ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണത്തിനും, ശുചിത്വ പദവി കൈവരിക്കുന്നതിനും, ഹരിത കർമ്മസേനയെ ശക്തിപ്പെടുത്തുന്നതിനും എം.സി.എഫ് നിർമ്മാണം വളരെ അത്യാവശ്യമാണ്. എന്നാൽ മാലിന്യം സംസ്കരിക്കുന്നതിന് സ്ഥിരമായ ഒരു സംവിധാനം ഒരുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വീഴ്ചയാണ്.

2.മാലിന്യ നിർമ്മാർജനത്തിനായി തുക ചെലവഴി ച്ചതിലെ അപാകത .

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന തത്വത്തിലധിഷ്ഠിതമായാണ് മാലിന്യ നിർമ്മാർജനം സാധ്യമാകേണ്ടത്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൈമാറുന്നതിന് ഗ്രീൻ വേംസ് ഇക്കോ സോല്യൂഷൻ എന്ന സ്ഥാപനത്തിന് തുക നൽകുന്നതിന് ധനകാര്യ കമ്മീഷൻ

ഗ്രാന്റിൽ നിന്ന് 200000 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ 267/26.3.22) ഉപയോഗയോഗ്യമായ മാലിന്യങ്ങൾക്ക് ഹരിത കർമ്മസേനയ്ക്ക് കരാർ പ്രകാരം തുകയൊന്നും നൽകാത്ത സ്ഥാപനത്തിന് തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല. മേൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് ചെലവഴിക്കാവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്. 2018-19 വർഷം മുതൽ 2021-22 വർഷം വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ ഈ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാകും. മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നില്ല എന്നു മാത്രമല്ല മാലിന്യ സംസ്കരണത്തിനായുള്ള ചെലവ് ഗ്രാമ പഞ്ചായത്ത് വഹിക്കുകയും ചെയ്യുന്നത് അംഗീകരിക്കുന്നില്ല.

3) ഹരിത കർമ്മസേന കണക്കുകൾ സൂക്ഷിക്കുന്നതിലെ അപാകത

ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി 22 ഹരിതകർമ്മസേനാംഗങ്ങളാണ് ഉള്ളത്. ഹരിത കർമസേനയുടെ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ ധാരാളം അപാകതകൾ കാണുന്നു. യൂസർ ഫീ ഇനത്തിലും മറ്റും പൊതുജനങ്ങളിൽ നിന്ന് പണം പിരിക്കുന്നതിനായി അച്ചടിക്കുന്ന രശീതി ബുക്കുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല . ആകെ എത്ര രശീതികൾ അച്ചടിച്ചു എന്ന് വ്യക്തമല്ല. ആയവ സ്റ്റോക്കിൽ എടുത്ത് ക്രമ പ്രകാരം ഹരിത കർമ്മസേനയ്ക്ക് നൽകുക, ഹരിതകർമ്മസേന പിരിച്ചെടുക്കുന്ന തുകകൾ ലഭിക്കുന്ന മുറയ്ക്ക് ബാങ്കിൽ അടയ്ക്കുക എന്നിവ കൃത്യതയോടെ ചെയ്യേണ്ടതും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ഇതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. യൂസർ ഫീ ആയി ലഭിക്കുന്ന തുക ബാങ്കിൽ അടയ്ക്കുന്നതിന് കൃത്യമായ രേഖകൾ എഴുതിത്തയ്യാറാക്കി സൂക്ഷിക്കുന്നില്ല. (കളക്ഷൻ രജിസ്റ്റർ)

3)അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

പുനരുപയോഗ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ, എന്ന സ്ഥാപനത്തിനാണ് കരാർ പ്രകാരം തുക നൽകിക്കൊണ്ട് സംസ്ഥാനത്തിനകത്ത് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഏൽപ്പിച്ചിട്ടുള്ളത്. വെയ്ബ്രിഡ്ജിൽ തൂക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വച്ചാണെന്നും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്.

4)മാലിന്യ-ശുചിത്വ പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു

മാലിന്യ ശുചിത്വ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും മറ്റും മുൻവർഷങ്ങളിൽ ലഭിച്ച 1054115 രൂപ വിനിയോഗിക്കാതെ ബാലൻസ് ഷീറ്റിൽ കാണുന്നു.

ഈ തുക ഉപയോഗപ്പെടുത്താത്തതിന്റെ കാരണവും, ഉപയോഗപ്പെടുത്താത്ത തുക ശുചിത്വ മിഷന് തിരികെ നൽകാത്തതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/2021 -22 19.12.22 ) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-35 എം.ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിലെ അളവ് പുസ്തകങ്ങളുടെ (എം. ബുക്ക്) സ്റ്റോക്ക് വിതരണ രജിസ്റ്റർ കൃത്യമായി എഴുതി

സൂക്ഷിക്കുന്നില്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന എം ബുക്കുകൾ സെക്രട്ടറി അത് വാങ്ങുന്ന തിയ്യതിയിൽ സ്റ്റോക്കിൽ എടുത്ത് അതിൽ നിന്ന് ഗ്രാമപഞ്ചായത്തിലെയും തൊഴിലുറപ്പ് പദ്ധതിയിലെയും അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് കൈപ്പറ്റുന്ന അളവു പുസ്തകങ്ങൾ സ്റ്റോക്കിൽ എടുത്ത് ഓരോ എം ബുക്കും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 189 പ്രകാരം അളവ് പുസ്തകങ്ങൾ വളരെ കൃത്യതയോടെ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രേഖയാണ്. ഇത് വാങ്ങുന്നതിലും സ്റ്റോക്കിൽ എടുത്ത് കൃത്യതയോടെയല്ലാതെ ഇഷ്യു ചെയ്യുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/2021-22 തീയതി. 19.12.2022) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. അപാകത പരിഹരിച്ച് സ്റ്റോക്ക് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-36 മുൻകൂർ തുകകൾ തിരികെ ലഭിച്ചിട്ടില്ല

1) 2021-22 വർഷം സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം ഇനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം/തീയ്യതി | തുക |
|---|---|
| 22100104/12.5.2021 | 24928 |
| 22100121/6.2.2021 | 30176 |
| ആകെ | 55104 |

സാക്ഷരതാ മിഷനിൽ നിന്നും ഓണറേറിയം തുക ലഭിക്കുവാൻ വൈകുന്ന സമയങ്ങളിൽ തനത്ഫണ്ടിൽ നിന്നും തുക നൽകേണ്ടതും, വിവരം ജില്ലാ സാക്ഷരതാ മിഷൻ അറിയിച്ച് തിരികെ വാങ്ങേണ്ടതുമാണ്. എന്നാൽ 2021-22 ൽ നൽകിയ 55104/- രൂപ തിരികെ ലഭിച്ചിട്ടില്ല.

2) ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ Temporary Advance For Official Purposes എന്ന ശീർഷകപ്രകാരം NREGA യ്ക്ക് സാലറി, ഓണം അഡ്വാൻസ്, ബ്രോഡ്ബാന്റ് വാർഷിക വാടക എന്നിവയ്ക്കായി 2021-22 വർഷത്തിൽ നൽകിയ 1156543/- രൂപ തിരികെ ഈടാക്കാൻ ബാക്കിയുണ്ട്.

മേൽ തുകകൾ സമയബന്ധിതമായി തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13) ലഭ്യമാക്കിയ മറുപടിയിൽ NREGA യിൽ നിന്നും കിട്ടാൻ ബാക്കിയുള്ള തുകയിൽ 431320/- രൂപ തിരികെ ലഭിച്ചതായും ശേഷിക്കുന്ന തുകകൾ തിരികെ വാങ്ങി തനത് ഫണ്ടിൽ റീക്രൂപ്പ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുകകൾ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 16-12-22 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 100000 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 572425 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 572425 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | മിൽക്ക് ഇൻസെന്റീവ് | 50000 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 20000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 20000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 572425 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 572425 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 24000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 24000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 420000 | ഭവനനിർമ്മാണം (ലൈഫ് മിഷൻ) പട്ടികജാതി | 420000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക/ വർഷം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മൂഴിപ്പുറത്ത് പൊയിൽ കുടിവെള്ള പദ്ധതി | 1102950/ 2021-22 | 0 | 1102950 |
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കൽ | 500000/ 2021-22 | 0 | 500000 |
| കേരള ഭൂജല വകുപ്പ് | പന്നൂർ സാംസ്കാരിക നിലയം കുഴൽകിണർ നിർമ്മാണം | 40705/ 2021-22 | 0 | 40705 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | തൻ വർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | -- | 0 | 2516000/- | 572000/- | 0 | 1944000 |

## 4-6 സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1213613 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 109400 |
| ആകെ | 1323013 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1323013 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച നം/ തിയതി | തുക |
|---|---|---|---|
| 1 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 001001009461/31.7.22 | 552032 |
| 2 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 0201000760/23.2.22 | 321415 |
| 3 | വലിയപറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | *0201000761/23.2.22* | 449566 |
| | ആകെ | | 1323013 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-12 | 3100 | ഷൈലജ , പയ്യാട്ട് ഹൗസ് | 121100103806/10.01.22 |
| 2010-11, 2011-12 | 3-1 | 13973 | എസ്. അനീഷ്. അസിസ്റ്റന്റ് എഞ്ചിനീയർ | 121100104956/11.02.22 |
| | | 17073 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴ ത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 27, 29 | 2003-04 (പൊതു പരാമർശം) | 11.13.7.9 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2002-03 | 23 | 2004-05 (പൊതു പരാമർശം) | 11.1.3.22 | നികുതി പിരിവിൽ അലംഭാവം | “ |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി-അപാകതകൾ | “ |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | -ടി- | “ |
| 2015-16 | 3-11 | 2016-17 | 4.2.1 | പുറമ്പോക്കുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതൾ | “ |
| 2019-20 | 1-6.1 | 2020-21 | അനുബന്ധം 1-1. P347 | പെൻഷൻ അപേക്ഷകൾ | “ |
| 2019-20 | 1-36 | 2020-21 | 1.3.5.P.42 | അങ്കണവാടി കുടിവെള്ളം | “ |
| 2019-20 | 1-31 | 2020-21 | അനുബന്ധം2.P.352 | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) ചെലവുകൾ | “ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96173262 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77042306 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1183724 |

(ബി). മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 557868 | മനോജ് കുമാർ, സെക്രട്ടറി |
| 1-20 | 625856 | ഡോ. ഹൈഫ മൊയ്തീൻ , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 1183724 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മനോജ് കുമാർ, സെക്രട്ടറി | സെക്രട്ടറി, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | കിഴക്കേപ്പൊട്ട് വീട്, കുരുവട്ടൂർ, കോഴിക്കോട്- 673611 |
| ഡോ. ഹൈഫ മൊയ്തീൻ , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) , കിഴക്കോത്ത് | പുത്തൻ വീട്ടിൽ ഹൗസ്, ഉണ്ണികുളം പി ഒ<br>കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവില ത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2317/18/05.12.18 | 2-2 | |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി-1/ 48/15/08.01.2015 | 3-8 | |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1129/16/23.06.2016 | 2-2 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2049/16/09.12.2016 | 2-3, 3-11 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1539/17/05.08.2017 | 2-8, 3-1, 3-2, 3-3(6), 3-8, 3-14 | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി-2/ 610(1)/2022/27.09.2022 | 2-1, 2-3, 2-4, 3-2, 3-4, 3-5, 3-6(2), 3-12 , 4-10 | |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി-2/ 742/2020/ 18.09.2020. | 1-14, 1-15, 1-20, 1-26, 1-29(1), 2-2, 3-1, 4-10 | |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി-2/493/2021/ 19.03.2021. | മുഴുവൻ ഖണ്ഡികകളും | |
| 2020-21 | കെ എസ് എ /കെ കെ ഡി / പി2/1237/2021 തീയ്യതി: 25/09/2021 | മുഴുവൻ ഖണ്ഡികകളും | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്